നിറഞ്ഞ മലയോരപ്രദേശമാണ്. മലയോരപ്രദേശത്തിലുള്ള ആളുകൾക്ക് യാത്രാസൗകര്യമില്ല. അവിടെ ബസ് സർവ്വീസുപോലും നിർത്തിവച്ച ഒരു സാഹചര്യത്തിലാണ് ഇത് എഴുതിക്കൊടുത്തത്. ഇവിടെ ഞാൻ ഇത് പറഞ്ഞത് യാതൊരു ബേസുമില്ലാതെയല്ല. ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി എഴുതിവച്ച ഉത്തരങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇത് പറഞ്ഞത്. അദ്ദേഹം പ്രാദേശിക മന്ത്രിയെന്നു പറഞ്ഞത് അദ്ദേഹത്തിന്റെ പ്രവൃത്തി അതായതുകൊണ്ടാണ്. എത്രയാലും ഇനിയും ഈ വൈകിയ വേളയിലെങ്കിലും അദ്ദേഹം പറഞ്ഞ വാക്ക് പാലിക്കുവാൻ മനസ്സുണ്ടെങ്കിൽ എത്ര കാലത്തിനകം ഇതിന്റെ ജോലികൾ തുടങ്ങാൻ സാധിക്കുമെന്ന് പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സർ, അദ്ദേഹം പറഞ്ഞതുതന്നെ തെറ്റാണ്. ഇപ്പോഴത്തെ അദ്ദേഹം പറഞ്ഞ ആദ്യത്തെ റോഡിന് ടെൻഡർ വിളിച്ചിരുന്നില്ല. ടെൻഡർ വിളിക്കാത്ത സാഹചര്യത്തിലാണ് അദ്ദേഹം ആദ്യം പറഞ്ഞ റോഡ് മാറ്റി ഈ റോഡ് എടുക്കണമെന്ന് ആവശ്യപ്പെട്ടത്. അതുകൊണ്ടാണ് താമസം നേരിട്ടത്.

IV. സബ്മിഷൻ

(1) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളത്തിന് വളരെയധികം ബുദ്ധിമുട്ടുള്ള ഒരു പ്രദേശമാണ് നിഴൂർ പഞ്ചായത്ത്. അത് കണക്കിലെടുത്തുകൊണ്ട് 1984 ആദ്യം ആ പഞ്ചായത്തിൽ കുടിവെള്ളം കൊടുക്കുന്നതിന് ഡിപ്പാർട്ടുമെന്റ് മുഖേന പൈപ്പിടുകയും ഇന്നുവരെ ആ പൈപ്പുകളിലൂടെ വെള്ളം ഒഴുക്കാൻ കഴിഞ്ഞിട്ടില്ലെന്നുമുള്ളതാണ് എന്റെ പരാതി. പൈപ്പിട്ടിട്ട് രണ്ടു വർഷം കഴിഞ്ഞു, മൂന്നു വേനൽക്കാലം പിന്നിട്ടു. അവിടെയുള്ള ആളുകൾ ആ പൈപ്പുകളിൽ നിന്നും വെള്ളം ലഭിക്കുന്നതിനുവേണ്ടി കാത്തിരുന്നുമടുത്തു. ആ പൈപ്പിലൂടെ വെള്ളമൊഴുകണമെങ്കിൽ അവിടെ ഒരു ടാങ്ക് നിർമ്മിക്കണം. ടാങ്ക് നിർമ്മിക്കുന്നതിനുവേണ്ടി പലവട്ടം ബന്ധപ്പെട്ട അധികാരികളെ സമീപിച്ചപ്പോൾ കിട്ടുന്ന മറുപടി പണമില്ലെന്നാണ്. എത്രയാലും പുതിയ ആവേശത്തോടും വളരെ വൈവേത്തോടും ജലസേചനവകുപ്പ് ഏറ്റെടുത്ത പുതിയ ജലസേചന വകുപ്പുമന്ത്രി ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും അടുത്ത വേനലിനു മുമ്പായി ആ പ്രദേശത്തുള്ള ആളുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

സർ, ശ്രീ. പി. സി. തോമസ് പറഞ്ഞ വിഷയത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാം. പക്ഷേ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട നിഴൂർ പഞ്ചായത്തിലും വൈക്കം മുൻസിപ്പാലിറ്റിക്ക് സമീപമുള്ള പ്രദേശങ്ങളിലുമുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് വേണ്ട വിപുലീകരണത്തിനുവേണ്ടിയുള്ള നടപടികൾ നടന്നുവരികയാണ്. വൈക്കം പഞ്ചായത്തിലെ ശുദ്ധീകരണ ശാലയ്ക്ക് വേണ്ടുന്ന പ്രവർത്തന ശേഷിയില്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനശേഷി വിപുലീകരിക്കുന്ന നടപടികളാണ് എടുത്തിരിക്കുന്നത്. അതുപോലെതന്നെ പ്രസ്തുത പ്രദേശത്ത് വേണ്ടത്ര ശുദ്ധജലം എത്തിക്കണമെങ്കിൽ വൈക്കം പദ്ധതിയുടെ ശുദ്ധീകരണ ശാലയ്ക്ക് വേണ്ടത്ര വിപുലീകരണം നടത്തേണ്ടിയിരിക്കുന്നു. അതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വേഗത കൂട്ടാം.

LIBRARY ARCHIVES Kerala Legislative Assembly